സുനാമി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികൾക്കുള്ള അടിയന്തിര സഹായങ്ങൾ

*24 [54] ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ദേവകുമാർ:
ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ ഉൾപ്പെടെ എല്ലാം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണ നഷ്ടപരിഹാരം നല്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) മത്സ്യമേഖലയിൽ സുനാമിയുടെ ഫലമായുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മത്സ്യബന്ധനോപാധികൾ നശിച്ചതുമൂലമുള്ള നഷ്ടം എത്രയാണ്; പശ്ചാത്തല സൗകര്യങ്ങൾ നശിച്ചതുമൂലമുള്ള നഷ്ടം എത്ര;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിരാശ്വാസമായി സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ എന്തൊക്കെയായിരുന്നു; അവ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ; ഏതെല്ലാം മേഖലകളിൽ എന്തു തുക വീതം ചിലവഴിക്കുകയുണ്ടായി?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) നഷ്ടപ്പെട്ട മത്സ്യബന്ധനോപകരണങ്ങൾ മാറ്റി നൽകുവാനും കേട് വന്നവ പൂർവ്വസ്ഥിതിയിലാക്കിക്കൊടുക്കുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) നാശനഷ്ടങ്ങളുടെ യഥാർത്ഥ അന്തിമ കണക്കുകൾ ശേഖരിച്ചു ക്രോഡീകരിക്കുന്ന നടപടി പൂർത്തിയായിവരുന്നു.

(സി) പ്രാഥമിക കണക്കുകൾ പ്രകാരം ഉദ്ദേശം 103 കോടി രൂപയുടെ മത്സ്യ ബന്ധനോപാധികളും 32.80 കോടി രൂപയുടെ പശ്ചാത്തല സൗകര്യങ്ങളും നഷ്ടമായിട്ടുണ്ട്.

(ഡി) സൗജന്യറേഷൻ, നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം മത്സ്യബന്ധന ഉപകരണങ്ങൾ നൽകുക, മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് കൂടിശ്ശിക നൽകുക, അപകടത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസു തുകയും ധനസഹായവും നൽകുക, മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക നൽകുക, പരിക്കേറ്റവർക്ക് ധനസഹായം നൽകുക, സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഒരു മാസത്തെ മത്സ്യത്തൊഴിലാളി വിഹിതം നൽകുക, തീരദേശ മത്സ്യബന്ധന മേഖലയിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറുമാസത്തേക്ക് നീട്ടിവയ്ക്കുക എന്നിവയാണ് അടിയന്തിരാശ്വാസമായി പ്രഖ്യാപിച്ചത്. ഇവ ലഭ്യമാക്കി വരുന്നു. ഏതെല്ലാം മേഖലയിൽ എന്തു തുക വീതം ചെലവഴിച്ചു എന്നതിന്റെ കണക്ക് ക്രോഡീകരിച്ചു തീർന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly